(ബി ആന്റ് സി) കോടതി ഉത്തരവും മറ്റും സാങ്കേതിക പ്രശ്നങ്ങളുമാണ് കാലതാമസത്തിനു കാരണം. എന്നാൽ ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കുന്ദമംഗലം റേഞ്ച് ഓഫീസിനു കെട്ടിടം പണിയാൻ നടപടി

54 [229] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കുന്ദമംഗലം-പന്തിർപാടത്ത് പ്രവർത്തിക്കുന്ന എക്സൈസ് റേഞ്ച് ഓഫീസിന് സ്വന്തമായി കെട്ടിടം ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടം പണിയുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിന്റെ കെട്ടിടം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുന്ദമംഗലം റേഞ്ച് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കുന്ദമംഗലം വില്ലേജ് സർവേ നമ്പർ 78/2-ൽ ഏഴ് സെന്റ് സർക്കാർ ഭൂമി എക്സൈസ് വകുപ്പിന് വിട്ടു തരുന്നതിന് വേണ്ടി 18-8-2004-ന് കോഴിക്കോട് ജില്ലാ കലക്ടർക്ക് നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) സ്ഥലം ലഭ്യമായതിനുശേഷം കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബാർ ലൈസൻസ് നൽകുന്ന നടപടി

55 [231] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) നിലവിലുള്ളവയിൽ എത്രയെണ്ണം പുതുക്കി നൽകിയിട്ടുണ്ട്.

(സി) ബാർ ലൈസൻസുകൾ പുതുക്കി നൽകിയത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് എന്നതു സംബന്ധിച്ച് സർക്കാരിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതിയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

നക്ഷത്രചിഹ്നമിടാത്ത 230-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly